**മധുരമായ കുട്ടികളേ- ബാബ വന്നിരിക്കുകയാണ് നിങ്ങളുടെ ബാറ്ററി ചാർജ് ചെയ്യുന്നതിനായി, എത്രയും നിങ്ങൾ ഓർമ്മയിൽ ഇരിക്കുന്നുവോ അത്രയും ബാറ്ററി ചാർജ് ആയിക്കൊണ്ടിരിക്കും.**

**ചോദ്യം-** നിങ്ങളുടെ സത്യത്തിന്റെ തോണിയെ കൊടുങ്കാറ്റ് ബാധിക്കുന്നത് എന്തുകൊണ്ടാണ്?
**ഉത്തരം-** എന്തുകൊണ്ടെന്നാൽ ഈ സമയത്ത് അപരന്മാർ ഒരുപാട് ഇറങ്ങുന്നുണ്ട്. ചിലർ സ്വയം ഭഗവാനാണെന്ന് പറയുന്നു, ചിലർ മന്ത്രവും തന്ത്രവും കാണിക്കുന്നു, അതിനാൽ മനുഷ്യർക്ക് സത്യത്തെ തിരിച്ചറിയാൻ സാധിക്കുന്നില്ല. സത്യത്തിന്റെ തോണിയെ ഇളക്കാൻ ശ്രമിക്കുന്നു. പക്ഷേ നിങ്ങൾക്ക് അറിയാം നമ്മുടെ സത്യത്തിന്റെ തോണി ഒരിയ്ക്കലും മുങ്ങില്ല. ഇന്ന് ആര് വിഘ്നമിടുന്നോ അവർ നാളെ മനസ്സിലാക്കും സദ്ഗതിയുടെ വഴി ഇവിടെയാണ് ലഭിക്കുക. എല്ലാവർക്കുമായി ആകെ ഈ ഒരു കടയേയുള്ളു.

**ഓം ശാന്തി.** ആത്മീയ കുട്ടികളെ പ്രതി അഥവാ ആത്മാക്കളെ പ്രതിയാണ് പറയുന്നത് എന്തുകൊണ്ടെന്നാൽ ആത്മാവാണ് കാതുകളിലൂടെ കേൾക്കുന്നത്. ധാരണയുണ്ടാകുന്നത് ആത്മാവിലാണ്. ബാബയുടെ ആത്മാവിലും ജ്ഞാനം നിറഞ്ഞിട്ടുണ്ട്. കുട്ടികൾക്ക് ഈ ജന്മത്തിൽ ആത്മാഭിമാനിയായി മാറണം. ഭക്തി മാർഗ്ഗത്തിലെ 63 ജന്മങ്ങളിൽ നിങ്ങൾ ദേഹാഭിമാനികളായാണ് കഴിഞ്ഞത്. ആത്മാവ് എന്താണ്, എന്നത് അറിയില്ലായിരുന്നു. തീർച്ചയായും ആത്മാവുണ്ട്. ആത്മാവുതന്നെയാണ് ശരീരത്തിൽ പ്രവേശിക്കുന്നത്. ദുഃഖവും ആത്മാവിനാണ് ഉണ്ടാകുന്നത്. പതിത ആത്മാവ്, പാവനമായ ആത്മാവ് എന്നും പറയാറുണ്ടല്ലോ. പതിത പരമാത്മാവ് എന്ന് ഒരിയ്ക്കലും കേട്ടിട്ടില്ല. അഥവാ സർവ്വരുടേയും ഉള്ളിൽ പരമാത്മാവുണ്ടെങ്കിൽ പരമാത്മാവ് പതിതമാകില്ലേ. അതിനാൽ മുഖ്യമായ കാര്യം ആത്മാഭിമാനിയായി മാറുക എന്നതാണ്. ആത്മാവ് എത്ര ചെറുതാണ്, അതിൽ എങ്ങനെയാണ് പാർട്ട് നിറഞ്ഞിട്ടുള്ളത്, ഇത് ആർക്കും അറിയില്ല. നിങ്ങൾ പുതിയ കാര്യങ്ങൾ കേൾക്കുകയാണ്. ഈ ഓർമ്മയുടെ യാത്രയും ബാബ തന്നെയാണ് പഠിപ്പിക്കുന്നത്, മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഇതിൽ പരിശ്രമവും ഉണ്ട്. അടിക്കടി സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കണം. എങ്ങനെയാണോ ഈ എമർജൻസീ ലൈറ്റുള്ളത്, ഇത് ബാറ്ററിയിലാണ് പ്രവർത്തിക്കുന്നത്. ഇതിനെ പിന്നീട് ചാർജ് ചെയ്യുന്നു. ബാബയാണ് ഏറ്റവും വലിയ പവർ. ആത്മാക്കൾ എത്ര അധികമാണ്. എല്ലാവർക്കും ആ പവറിൽ നിന്നും നിറയ്ക്കണം. ബാബയാണ് സർവ്വശക്തിവാൻ. നമ്മൾ ആത്മാക്കൾക്ക് ബാബയുമായി യോഗം ഇല്ലെങ്കിൽ എങ്ങനെ ബാറ്ററി ചാർജ് ആവും? ഡിസ്ചാർജ് ആവുന്നതിന് മുഴുവൻ കല്പവും എടുക്കുന്നു. ഇപ്പോൾ വീണ്ടും ബാറ്ററിയെ ചാർജ് ചെയ്യേണ്ടതുണ്ട്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ നമ്മുടെ ബാറ്ററി ഡിസ്ചാർജ് ആയി, ഇപ്പോൾ വീണ്ടും ചാർജ് ചെയ്യണം. എങ്ങനെ? ബാബ പറയുന്നു എന്നോടൊപ്പം യോഗം വെയ്ക്കൂ. ഇത് വളരെ സഹജമായി മനസ്സിലാക്കാവുന്ന കാര്യമാണ്. ബാബ പറയുന്നു ബുദ്ധിയോഗം എന്നിൽ വെയ്ക്കു എങ്കിൽ നിങ്ങളുടെ ആത്മാവിൽ പവർ നിറയുകയും നിങ്ങൾ സതോപ്രധാനമാവുകയും ചെയ്യും. പഠിപ്പ് സമ്പാദ്യമാണ്. ഓർമ്മയിലൂടെ നിങ്ങൾ പാവനമായി മാറുന്നു. ആയുസ്സ് വർദ്ധിക്കും. ബാറ്ററി ചാർജ് ആവും. ഓരോരുത്തരും നോക്കണം- എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്. ബാബയെ മറക്കുന്നതിനാലാണ് ബാറ്ററി ഡിസ്ചാർജ് ആവുന്നത്, ആരുടേതും സത്യമായ കണക്ഷനല്ല. സത്യമായ കണക്ഷൻ നിങ്ങൾ കുട്ടികളുടേതാണ്. ബാബയെ ഓർമ്മിക്കാതെ എങ്ങനെ ജ്യോതി തെളിയും? ജ്ഞാനവും ഒരേയൊരു ബാബയാണ് തരുന്നത്.

നിങ്ങൾക്ക് അറിയാം ജ്ഞാനം പകലാണ്, ഭക്തി രാത്രിയാണ്. പിന്നീട് രാത്രിയോട് വൈരാഗ്യം ഉണ്ടാകുന്നു, ശേഷം പകൽ ഉണ്ടാകുന്നു. ബാബ പറയുന്നു രാത്രിയെ മറക്കു, ഇപ്പോൾ പകലിനെ ഓർമ്മിക്കൂ. സ്വർഗ്ഗമാണ് പകൽ, നരകമാണ് രാത്രി. നിങ്ങൾ കുട്ടികൾ ഇപ്പോൾ ചൈതന്യത്തിലാണ്, ഈ ശരീരമാണെങ്കിൽ നശിക്കുന്നതാണ്. മണ്ണിൽ നിന്നും ഉണ്ടാകുന്നു, മണ്ണിലേയ്ക്കുതന്നെ കലരുന്നു. ആത്മാവ് അവിനാശിയാണല്ലോ. ബാക്കി ബാറ്ററി ഡിസ്ചാർജ് ആവുന്നു. ഇപ്പോൾ നിങ്ങൾ എത്ര വിവേകശാലികളാവുന്നു. നിങ്ങളുടെ ബുദ്ധി വീട്ടിലേയ്ക്ക് പോകുന്നു. അവിടെ നിന്നാണ് നമ്മൾ വന്നത്. ഇപ്പോൾ സൂക്ഷ്മ വതനത്തെക്കുറിച്ചും മനസ്സിലായി. അവിടെ നാലു ഭുജങ്ങളുള്ള വിഷ്ണുവിനെ കാണിക്കുന്നു. ഇവിടെയാണെങ്കിൽ 4 കൈകളില്ല. ബ്രഹ്മാ- സരസ്വതി പിന്നീട് ലക്ഷ്മീ നാരായണനായി മാറുന്നു അതിനാലാണ് വിഷ്ണുവിന് 4 കൈകൾ കാണിക്കുന്നത് എന്നത് ആരുടെ ബുദ്ധിയിലും ഇല്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ആത്മാവിൽ തന്നെയാണ് സംസ്ക്കാരം നിറയുന്നത്. ആത്മാവ് തന്നെയാണ് തമോപ്രധാനത്തിൽ നിന്ന് പിന്നീട് സതോപ്രധാനമായി മാറുന്നത്. ആത്മാക്കൾ തന്നെയാണ് ബാബയെ

വിളിക്കുന്നത്– ഓ ബാബാ ഞങ്ങളുടെ ചാർജ് കാലിയായിരിക്കുന്നു, ഇപ്പോൾ അങ്ങ് വരൂ, ഞങ്ങൾക്ക് ചാർജ് ആവണം. ഇപ്പോൾ ബാബ പറയുന്നു– എത്ര ഓർമ്മിക്കുന്നുവോ അത്രയും ശക്തിയുണ്ടാകും. ബാബയോട് വളരെ അധികം സ്നേഹം ഉണ്ടാകണം. ബാബാ ഞങ്ങൾ അങ്ങയുടേതാണ്, അങ്ങയുടെ കൂടെത്തന്നെയാണ് വീട്ടിലേയ്ക്ക് പോകുന്നത്. എങ്ങനെയാണോ അച്ഛന്റെ വീട്ടിൽ നിന്നും ഭർത്തൃപിതാവിന്റെ വീട്ടിലേയ്ക്ക് കൊണ്ടുപോകുന്നത് അതുപോലെയാണ്. ഇവിടെ നിങ്ങളെ അലങ്കരിക്കാൻ രണ്ട് അച്ഛന്മാരെ ലഭിച്ചിട്ടുണ്ട്. അലങ്കാരവും വളരെ നന്നായിരിക്കണം അർത്ഥം സർവ്വഗുണ സമ്പന്നനായി മാറണം. സ്വയം തന്നോടുതന്നെ ചോദിക്കണം, എന്നിൽ ഒരു അവഗുണവും ഇല്ലല്ലോ. മനസ്സിൽ എന്ത് കൊടുങ്കാറ്റ് വന്നാലും ശരി, കർമ്മണാ അത് പുറത്ത് വരുന്നില്ലല്ലോ? ആർക്കും ദുഃഖം നൽകുന്നില്ലല്ലോ? ബാബ ദുഃഖത്തെ ഇല്ലാതാക്കി സുഖം നൽകുന്നവരാണ്. നമ്മളും എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞുകൊടുക്കണം. ബാബ വളരെ അധികം യുക്തികൾ പറഞ്ഞുതരുന്നു. നിങ്ങൾ സേനയാണ്. നിങ്ങളുടെ പേര് പ്രജാപിതാ ബ്രഹ്മകുമാരീ കുമാരന്മാർ എന്നതാണ്, ആര് വന്നാലും അവരോട് ആദ്യം ചോദിക്കൂ നിങ്ങൾ എവിടെ നിന്നാണ് വരുന്നത്? ആരുടെ അടുത്തേയ്ക്കാണ് വന്നത്? പറയും ഞങ്ങൾ ബി. കെയുടെ അടുത്തേയ്ക്ക് വന്നതാണ്. ശരി ബ്രഹ്മാവ് ആരാണ്? പ്രജാപിതാ ബ്രഹ്മാവിന്റെ പേര് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? അതെ, നിങ്ങളും പ്രജാപിതാവിന്റെ കുട്ടികൾ തന്നെയാണ്. എല്ലാവരും പ്രജകളാണല്ലോ. നിങ്ങളുടെ അച്ഛനാണ്, പക്ഷേ നിങ്ങൾക്ക് അറിയില്ലെന്നുമാത്രം. ബ്രഹ്മാവും തീർച്ചയായും ആരുടെയെങ്കിലും കുട്ടിയായിരിക്കുമല്ലോ. അവരുടെ അച്ഛന്റെ ശരീരം കാണാൻ കഴിയില്ല. ബ്രഹ്മാ– വിഷ്ണു– ശങ്കരൻ ഇവർ മൂന്നുപേരുടേയും മുകളിലാണ് ശിവബാബ. മൂന്നുപേരുടേയും രചയിതാവിനെ ത്രിമൂർത്തി ശിവൻ എന്നാണ് പറയുന്നത്. മുകളിൽ ഒരേയൊരു ശിവബാബ, പിന്നീട് മൂന്നുപേർ. എങ്ങനെയാണോ ശാഖയുള്ളത് അതുപോലെ. ബ്രഹ്മാവിന്റെ അച്ഛൻ തീർച്ചയായും ഭഗവാൻ തന്നെയായിരിക്കും. ബാബ ആത്മാക്കളുടെ പിതാവാണ്. ശരി, പിന്നീട് ബ്രഹ്മാവ് എവിടെ നിന്നു വന്നു. ബാബ പറയുന്നു ഞാൻ ഇവരിൽ പ്രവേശിച്ച് ഇവർക്ക് ബ്രഹ്മാവ് എന്ന് പേരുവെയ്ക്കുന്നു. നിങ്ങൾ കുട്ടികൾക്കും പേര് വെച്ചത് പോലെ ഇദ്ദേഹത്തിനും ബ്രഹ്മാവ് എന്ന് പേരുവെച്ചു. പറയുന്നു ഇത് എന്റെ ദിവ്യവും അലൗകികവുമായ ജന്മമാണ്. നിങ്ങൾ കുട്ടികളെ ദത്തെടുക്കുകയാണ്. ബാക്കി ഇവരിൽ പ്രവേശിക്കുന്നു എന്നിട്ട് നിങ്ങളെ കേൾപ്പിക്കുന്നു അതിനാൽ ഇവർ ബാപ്ദാദയാണ്. ആരിലാണോ പ്രവേശിച്ചത് അവരിലും ആത്മാവുണ്ടല്ലോ. അവരുടെ വലതു വശത്ത് വന്നിരിക്കുന്നു. രണ്ട് ആത്മാക്കളുടെ പാർട്ട് ഇവിടെ വളരെ അധികം നടക്കുന്നുണ്ട്. ആത്മാവിനെ വിളിക്കുമ്പോൾ ആത്മാവ് എവിടെയാണ് വന്നിരിക്കുന്നത്. തീർച്ചയായും ബ്രാഹ്മണന് അടുത്തായിരിക്കും വന്നിരിക്കുക. ഇവിടെയും രണ്ട് ആത്മാക്കളാണ് ബാബയും ദാദയും. ഇവരെക്കുറിച്ച് ബാബ പറയുന്നു ഇവർക്ക് തന്റെ ജന്മങ്ങളെക്കുറിച്ച് അറിയില്ല. നിങ്ങളോടും പറയുന്നു നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങളെക്കുറിച്ച് അറിയില്ലായിരുന്നു. ഇപ്പോൾ സ്മൃതി ഉണർന്നു കല്പ കല്പം 84 ന്റെ ചക്രം കറങ്ങിയിട്ടുണ്ട്, പിന്നീട് തിരിച്ചുപോകുന്നു. ഇതാണ് സംഗമയുഗം. ഇപ്പോൾ ട്രാൻസ്ഫർ ആവുകയാണ്. യോഗത്തിലൂടെ നിങ്ങൾ സതോപ്രധാനമായി മാറും, ബാറ്ററി ചാർജ് ആകും. പിന്നീട് സത്യയുഗത്തിലേയ്ക്ക് വരും. ബുദ്ധിയിൽ മുഴുവൻ ചക്രവും കറങ്ങിക്കൊണ്ടിരിക്കുന്നു. വിശദീകരണത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. വൃക്ഷത്തിനും ആയുസ്സുണ്ട്, പിന്നീട് അത് ഉണങ്ങുന്നു. ഇവിടെയും മുഴുവൻ മനുഷ്യരും ഉണങ്ങിക്കഴിഞ്ഞു. എല്ലാവരും പരസ്പരം ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ എല്ലാവരുടേയും ശരീരം നശിച്ചുപോകും. ബാക്കി ആത്മാക്കൾ തിരിച്ചുപോകും. ഈ ജ്ഞാനം ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ കഴിയില്ല. ബാബ തന്നെയാണ് വിശ്വത്തിന്റെ ചക്രവർത്തീ പദം നൽകുന്നത് എങ്കിൽ ബാബയെ എത്ര ഓർമ്മിക്കണം. ഓർമ്മയിൽ ഇരിക്കാത്തതിനാൽ മായയുടെ അടികൊള്ളുന്നു. ഏറ്റവും വലിയ അടി വികാരത്തിന്റേതാണ്. യുദ്ധത്തിന്റെ മൈതാനത്തിൽ നിങ്ങൾ ബ്രാഹ്മണരാണുള്ളത്, അതിനാൽ നിങ്ങൾക്കുനേരെ തന്നെയാണ് കൊടുങ്കാറ്റ് അടിക്കുക. പക്ഷേ ഒരു വികർമ്മവും ചെയ്യരുത്. വികർമ്മം ചെയ്താൽ തോറ്റുപോയി. ബാബയോട് ചോദിക്കുന്നു ഇത് ചെയ്യേണ്ടതായി വരുന്നു. കുട്ടികൾ ബുദ്ധിമുട്ടിക്കുമ്പോൾ ദേഷ്യം വരുന്നു. കുട്ടികളെ വളരെ നല്ലരീതിയിൽ സംരക്ഷിക്കൂ ഇല്ലെങ്കിൽ മോശമായി മാറും. പരിശ്രമിക്കൂ അടിക്കരുത്. ഉരലിൽ കെട്ടിയിട്ടതായി കൃഷ്ണനെക്കുറിച്ചും കാണിച്ചിട്ടില്ലേ. കയറുകൊണ്ട് കെട്ടിയിടൂ, ഭക്ഷണം കൊടുക്കണ്ട. കരഞ്ഞ് കരഞ്ഞ് അവസാനം പറയും ശരി ഇനി ചെയ്യില്ല. കുട്ടിയാണ് പിന്നെയും ചെയ്യും, പറഞ്ഞ് കൊടുക്കണം. ബാബയും കുട്ടികൾക്ക് പഠിപ്പ് നൽകുന്നു– കുട്ടികളേ, ഒരിയ്ക്കലും വികാരത്തിലേയ്ക്ക് പോകരുത്, കുലത്തെ കളങ്കപ്പെടുത്തിയവരായി ഒരിയ്ക്കലും മാറരുത്. ലൗകികത്തിലും അഥവാ മോശമായ പുത്രനുണ്ടെങ്കിൽ മാതാപിതാക്കൾ പറയാറില്ലേ– ഇവൻ മുഖം കറുപ്പിച്ചല്ലോ. കുലത്തിനെ കളങ്കപ്പെടുത്തിയല്ലോ. തോൽവിയും ജയവും, ജയവും തോൽവിയും സംഭവിച്ച് സംഭവിച്ച് അവസാനം വിജയം നേടും. സത്യത്തിന്റെ തോണിയാണ്, അനേകം കൊടുങ്കാറ്റുകൾ വരും എന്തുകൊണ്ടെന്നാൽ ഒരുപാട് അപരന്മാർ ഇറങ്ങിയിട്ടുണ്ട്. ചിലർ സ്വയം ഭഗവാനാണ് എന്ന് പറയുന്നു, ചിലർ എന്തെല്ലാമാണ് പറയുന്നത്. മന്ത്രവും തന്ത്രവിദ്യകളും കാണിക്കുന്നു. സാക്ഷാത്ക്കാരങ്ങളും കാണിക്കുന്നു. ബാബ വന്നിരിക്കു

ന്നത് സർവ്വരുടേയും സദ്ഗതി ചെയ്യാനാണ്. പിന്നീട് ഈ കാടുമുണ്ടാകില്ല, ഈ കാട്ടിൽ വസിക്കുന്നവരും ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്, അറിയാം ഈ പഴയലോകം ശവപ്പറമ്പായിക്കഴിഞ്ഞു. ആരെങ്കിലും മരിക്കാൻ പോകുന്നവരിൽ മനസ്സ് വെയ്ക്കുമോ, ഈ ലോകം നശിച്ചുകഴിഞ്ഞിരിക്കുന്നു. വിനാശം സംഭവിച്ചുകഴിഞ്ഞു. പുതിയ ലോകം പഴയതാവുമ്പോഴാണ് ബാബ വരുന്നത്. ബാബയെ നല്ലരീതിയിൽ ഓർമ്മിച്ചാൽ ബാറ്ററി ചാർജാകും. വളരെ നല്ലരീതിയിൽ മുരളി വായിക്കുന്നുണ്ട്. പക്ഷേ ഓർമ്മയുടെ മൂർച്ചയില്ലെങ്കിൽ അതിന് ശക്തിയുണ്ടാകില്ല. മൂർച്ചയുള്ള വാളാവില്ല. ബാബ പറയുന്നു ഇത് ഒരു പുതിയ കാര്യമല്ല. 5000 വർഷങ്ങൾക്ക് മുമ്പ് വന്നിരുന്നു. ബാബ ചോദിക്കുന്നു മുമ്പ് എപ്പോഴാണ് കണ്ടത്? അപ്പോൾ പറയുന്നു കല്പം മുമ്പ് കണ്ടിരുന്നു. പിന്നീട് ചിലർ പറയും ഡ്രാമ സ്വതവേ പുരുഷാർത്ഥം ചെയ്യിക്കുമെന്ന്. ശരി ഇപ്പോൾ ഡ്രാമ പുരുഷാർത്ഥം ചെയ്യിക്കുകയല്ലേ, എങ്കിൽ ചെയ്യൂ. ഒരു ഭാഗത്തു തന്നെ ഇരുന്നുപോകരുത്. ആരാണോ കല്പം മുമ്പ് പുരുഷാർത്ഥം ചെയ്തത് അവർ ചെയ്യും. ഇപ്പോൾ വരേയ്ക്കും ആരെല്ലാം വന്നിട്ടില്ലയോ, അവർ വരണം. ആരാണോ മുന്നോട്ടുപോകവേ ഉപേക്ഷിച്ച് പോയത്, ചെന്ന് വിവാഹം കഴിച്ചത്, അവർക്കും ഡ്രാമയിൽ പാർട്ടുണ്ടെങ്കിൽ വീണ്ടും വന്ന് പുരുഷാർത്ഥം ചെയ്യും, അല്ലാതെ എവിടെപ്പോകാനാണ്. എല്ലാവരും ബാബയിൽ തന്നെ തൂങ്ങേണ്ടിവരും. ഭീഷ്മ പിതാമഹനും അവസാനം വരും എന്ന് എഴുതിയിട്ടുണ്ട്. ഇപ്പോൾ എത്ര അഹങ്കാരമാണ്, അവസാനം അവരുടെ അഹങ്കാരം പൂർത്തിയാകും. നിങ്ങളും ഓരോ 5000 വർഷങ്ങൾക്ക് ശേഷം പാർട്ട് അഭിനയിക്കുന്നു, രാജ്യം നേടുന്നു, നഷ്ടപ്പെടുത്തുന്നു. ദിനംപ്രതിദിനം സെന്ററുകൾ വർദ്ധിക്കും. ഭാരതവാസികൾക്ക് പ്രധാനമായും ദേവീ ദേവതകളുടെ പൂജാരിമാർക്ക് മനസ്സിലാക്കിക്കൊടുക്കണം, സത്യയുഗത്തിൽ ദേവീ ദേവതകളുടെ ധർമ്മമുണ്ടായിരുന്നു അതിനാലാണ് ദേവതകളുടെ പൂജ ചെയ്യുന്നത്. ക്രിസ്ത്യൻസ് ക്രിസ്തുവിന്റെ മഹിമ ചെയ്യുന്നു, നമ്മൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ മഹിമ ചെയ്യുന്നു. അത് ആരാണ് സ്ഥാപിച്ചത്. അവർ കരുതുന്നു കൃഷ്ണനാണ് സ്ഥാപിച്ചതെന്ന് അതിനാലാണ് അവരുടെ പൂജ ചെയ്യുന്നത്. നിങ്ങളിലും നമ്പർവൈസാണ്. ആര് ആര് എന്ത് എന്തെല്ലാം പരിശ്രമങ്ങൾ ചെയ്യുന്നു. ഗോവർദ്ധന പർവ്വതത്തെ വിരലുകൊണ്ട് ഉയർത്തിയതായി കാണിക്കുന്നുണ്ടല്ലോ.

ഇപ്പോൾ ഇത് പഴയ ലോകമാണ്, എല്ലാ വസ്തുക്കളുടേയും ശക്തി ക്ഷയിച്ചിരിക്കുന്നു. ഖനികളിൽ നിന്ന് സ്വർണ്ണവും ലഭിക്കുന്നില്ല, സ്വർഗ്ഗത്തിലാണെങ്കിൽ സ്വർണ്ണക്കൊട്ടാരങ്ങളാണുണ്ടാവുക, ഇപ്പോഴാണെങ്കിൽ ഗവൺമെന്റ് ബുദ്ധിമുട്ടുന്നു കാരണം ചിലവ് കൂടുതലാണ്. അവിടെയാണെങ്കിൽ അളവില്ലാത്ത ധനമുണ്ട്. ചുമരുകളിൽപോലും വജ്രവും രത്നവും പതിച്ചിട്ടുണ്ടാകും. വജ്രം അണിയുന്ന ശീലമുണ്ടാകും. അവിടെ ധനത്തിന് കുറവുണ്ടാകില്ല. സമ്പത്തിന്റെ ഖജനാവുണ്ടാകും. അല്ലാഹുവും അലാവുദ്ദീനും തമ്മിലുള്ള ഒരു കളിയുണ്ടല്ലോ. ഉരയ്ക്കുന്നതിലൂടെ കൊട്ടാരം ഉണ്ടാകുന്നു. ഇവിടെയും ദിവ്യ ദൃഷ്ടി ലഭിക്കുന്നതിലൂടെ സ്വർഗ്ഗത്തിലെത്തിച്ചേരും. അവിടെ രാജകുമാരീ– കുമാരന്മാരുടെ പക്കൽ ഓടക്കുഴലുപോലും വജ്രം കൊണ്ടുള്ളതായിരിക്കും. ഇവിടെ അങ്ങനെയുള്ള എന്തെങ്കിലും അണിഞ്ഞാൽ ഉടൻ കൊള്ളയടിച്ചിട്ടുപോകും. കത്തികൊണ്ട് കുത്തിയിട്ടായാലും എടുത്തുകൊണ്ടുപോകും. അവിടെ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. ഈ ലോകം വളരെ പഴയതും മോശമായതുമാണ്. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമാണെങ്കിൽ ആഹാ ആഹാ എന്നായിരുന്നു. വജ്രവും രത്നവും കൊണ്ടുള്ള കൊട്ടാരങ്ങളായിരുന്നു. ഒറ്റയ്ക്കായിരിക്കില്ലല്ലോ. അതിനെയാണ് സ്വർഗ്ഗം എന്ന് പറയുന്നത്, നിങ്ങൾക്ക് അറിയാം നമ്മൾ ആ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. നമ്മളാണ് ഈ സോമനാഥക്ഷേത്രം നിർമ്മിച്ചത്. നമ്മൾ എന്തായിരുന്നു പിന്നീട് ഭക്തിമാർഗ്ഗത്തിൽ എങ്ങനെയാണ് ക്ഷേത്രങ്ങൾ നിർമ്മിച്ച് പൂജ ചെയ്തത് ഇതെല്ലാം മനസ്സിലാക്കുന്നുണ്ട്. പതുക്കെ പതുക്കെ എല്ലാം നശിക്കാൻ തുടങ്ങി. മുസ്ലീങ്ങൾ വന്നു, ഇത്രയും കട്ടുകൊണ്ടുപോയി ആ വജ്രങ്ങൾ ശവകുടീരങ്ങളിൽ കൊണ്ടുപോയി വെച്ചു, താജ് മഹൽ മുതലായവ നിർമ്മിച്ചു. പിന്നീട് ബ്രിട്ടീഷ് ഗവൺമെന്റ് അതെല്ലാം അവിടെനിന്നും കുഴിച്ചെടുത്ത് കൊണ്ടുപോയി. ഇപ്പോഴാണെങ്കിൽ ഒന്നുമില്ല. ഭാരതം യാചിക്കുകയാണ്, കടത്തിനുമേൽ കടം വാങ്ങിക്കൊണ്ടിരിക്കുന്നു. ധാന്യമോ, പഞ്ചസാരയോ ഒന്നും ലഭിക്കുന്നില്ല. ഇപ്പോൾ ലോകത്തിന് മാറണം. പക്ഷേ അതിനുമുമ്പ് ആത്മാവിന്റെ ബാറ്ററിയെ സതോപ്രധാനമാക്കി മാറ്റുന്നതിനായി ചാർജ് ചെയ്യണം. ബാബയെ തീർച്ചയായും ഓർമ്മിക്കണം. ബുദ്ധിയുടെ യോഗം ബാബയുമായിട്ടായിരിക്കണം, അവരിൽ നിന്നുതന്നെയാണ് സമ്പത്ത് ലഭിക്കേണ്ടത്. ഇതിൽ തന്നെയാണ് മായയുമായി യുദ്ധം നടക്കുന്നത്. മുമ്പ് ഈ കാര്യങ്ങൾ നിങ്ങൾക്ക് അറിയില്ലായിരുന്നു. എങ്ങനെയാണോ മറ്റുള്ളവർ അതുപോലെത്തന്നെയായിരുന്നു നിങ്ങളും. നിങ്ങൾ ഇപ്പോൾ സംഗമയുഗികളാണ് എന്നാൽ അവർ എല്ലാവരും കലിയുഗികളാണ്. മനുഷ്യർ പറയുന്നു ഇവർക്ക് എന്താണോ തോന്നുന്നത് അത് പറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ മനസ്സിലാക്കിക്കൊടുക്കുന്നതിനും യുക്തികളുണ്ട്. പതുക്കെ പതുക്കെ നിങ്ങളുടെ വൃദ്ധിയുണ്ടാകും. ഇപ്പോൾ ബാബ വലിയ യൂണിവേഴ്സിറ്റി തുറക്കുകയാണ്. ഇതിൽ മനസ്സിലാക്കിക്കൊടുക്കുന്നതിന് ചിത്രം ആവശ്യമാണല്ലോ. മുന്നോട്ട് പോകവേ നിങ്ങ

ളുടെ കൈയ്യിൽ ഈ ചിത്രങ്ങളെല്ലാം ട്രാൻസ് ലൈറ്റിന്റേതാവും പിന്നീട് മനസ്സിലാക്കിക്കൊടുക്കുന്നതും നിങ്ങൾക്ക് സഹജമാകും.

നിങ്ങൾക്ക് അറിയാം ബാബയുടെ ഓർമ്മയിലൂടെയും ജ്ഞാനത്തിലൂടെയും നമ്മൾ നമ്മുടെ രാജധാനി വീണ്ടും സ്ഥാപിക്കുകയാണ്. മായ ഇടയിൽ വളരെ വഞ്ചിക്കുന്നു. ബാബ പറയുന്നു ചതിയിൽ നിന്നും സുരക്ഷിതരായിരിക്കൂ. യുക്തികൾ പറഞ്ഞുതന്നുകൊണ്ടേയിരിക്കുന്നു. മുഖത്തിലൂടെ ഇത്രമാത്രം പറയൂ അതായത് ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും, പിന്നീട് നിങ്ങൾ ഈ ലക്ഷ്മീ നാരായണനായി മാറും. ഈ ബാഡ്ജ് പോലും ഭഗവാൻ സ്വയം നിർമ്മിച്ചതാണ്, എങ്കിൽ ഇതിന് എത്ര ബഹുമാനം നൽകണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) സർവ്വഗുണങ്ങളാലും തന്റെ അലങ്കാരം ചെയ്യണം, ഒരിയ്ക്കലും ആർക്കും ദുഃഖം നൽകരുത്. എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞുകൊടുക്കണം.

2) മുഴുവൻ ലോകവും ശവപ്പറമ്പായിരിക്കുന്നു അതിനാൽ ഇതിൽ മനസ്സ് വെയ്ക്കരുത്. നമ്മൾ ഇപ്പോൾ ട്രാൻസ്ഫർ ആവുകയാണ്, നമുക്ക് പുതിയ ലോകത്തിലേയ്ക്ക് പോകണം എന്നത് സ്മൃതിയിൽ ഉണ്ടായിരിക്കണം.

## വരദാനം:– മായയിൽ നിന്നും വിഘ്നങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുന്ന ബാപ്ദാദയുടെ കുടക്കീഴിന്റെ അധികാരിയായി ഭവിക്കട്ടെ.

ആരാണോ ബാപ്ദാദയുടെ കളഞ്ഞുപോയി തിരികെ കിട്ടിയ ഓമനയായ മക്കൾ അവർക്ക് ബാപ്ദാദയുടെ കുടത്തണൽ അധികാരരൂപത്തിൽ പ്രാപ്തമാകുന്നു. ഈ കുടത്തണലിൽ മായക്ക് വരാനുള്ള ശക്തിയുണ്ടാകില്ല. അവർ സദാ മായയോട് വിജയിക്കുന്നു. ഈ ഓർമ്മയാകുന്ന കുടത്തണൽ സർവ്വ വിഘ്നങ്ങളിൽ നിന്നും സുരക്ഷിതരാക്കുന്നു. ഏതൊരു വിധത്തിലുമുള്ള വിഘ്നം കുടക്കീഴിലിരിക്കുന്നവരുടെ സമീപത്ത് വരിക സാധ്യമല്ല. കുടക്കീഴിലിരിക്കുന്നവരെ സംബന്ധിച്ച് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം പോലും സഹജമായി മാറുന്നു. പർവ്വതം പോലെയുള്ള പ്രശ്നങ്ങൾ പഞ്ഞിക്ക് സമാനം അനുഭവമാകും.

## സ്ലോഗൻ:– പ്രഭുപ്രിയരും ലോകപ്രിയരും സ്വയം പ്രിയരുമാകുന്നതിനുവേണ്ടി സന്തുഷ്ടതയുടെ ഗുണം ധാരണ ചെയ്യൂ.

**അവ്യക്ത സൂചനകൾ– ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നിയെ പ്രജ്വലിതമാക്കി യോഗത്തെ ജ്വാലാരൂപമാക്കി മാറ്റൂ.**

വിശേഷ ഓർമ്മയുടെ യാത്രയെ ശക്തിശാലിയാക്കി മാറ്റൂ, ജ്ഞാനസ്വരൂപത്തിന്റെ അനുഭവിയാകൂ. താങ്കൾ ശ്രേഷ്ഠ ആത്മാക്കളുടെ ശുഭവൃത്തിയും മംഗളഭാവനയും ശക്തിശാലി വായുമണ്ഡലവും പിടയുന്ന, അലയുന്ന, നിലവിളിക്കുന്ന അനേകം ആത്മാക്കൾക്ക് ആനന്ദത്തിന്റെയും ശാന്തിയുടെയും ശക്തിയുടെയും അനുഭൂതി ചെയ്യിപ്പിക്കും.